എൻ.എം.ബി (2)/20000/19/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി. 25-05-2019

വിഷയം :- പൊതു വിദ്യാഭ്യാസം - ഉച്ചഭക്ഷണ പദ്ധതി - സ്കൂളുകളിൽ നിന്നുള്ള ഭക്ഷണ/കുടിവെള്ള സാമ്പിളുകളുടെ പരിശോധന നടത്തുന്നത് - സംബന്ധിച്ച്.

ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ നിന്നുള്ള ഭക്ഷണ/കുടിവെള്ള സാമ്പിളുകളുടെ പരിശോധന നടത്തുന്നതിന് NABL അക്രഡിറ്റേഷൻ ഉള്ള കേരളത്തിലെ ലാബുകളിൽ നിന്നും ചുവടെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി താത്പര്യപത്രം ക്ഷണിയ്ക്കുന്നു.

## വ്യവസ്ഥകൾ

1. താത്പര്യപത്രം സമർപ്പിയ്ക്കുന്ന ലാബുകൾ NABL അക്രഡിറ്റേഷൻ ഉള്ളവയായിരിയ്ക്കണം.
2. പരിശോധനയ്ക്കാവശ്യമായ സാമ്പിളുകൾ സ്കൂളുകളിൽ നിന്നും നേരിട്ട് ശേഖരിയ്ക്കണം. സാമ്പിളുകൾ ശേഖരിയ്ക്കുവാൻ വരുന്ന ലാബിന്റെ പ്രതിനിധി ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ധരിക്കേണ്ടതും സ്കൂൾ പ്രധാനാദ്ധ്യാപകൻ / ഉച്ചഭക്ഷണ ചുമതലയുള്ള അദ്ധ്യാപകനെ തിരിച്ചറിയൽ രേഖ കാണിക്കേണ്ടതുമാണ്. സ്കൂൾ പ്രവർത്തി ദിനങ്ങളിൽ ഉച്ചയ്ക്ക് 12.00 മണിമുതൽ 1.00 മണിവരെയാണ് കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നത്. യാതൊരു കാരണവശാലും സ്കൂൾ അധികൃതരോട് ഭക്ഷണ സാമ്പിൾ ശേഖരിച്ച് ലാബിലെത്തിയ്ക്കുവാൻ ആവശ്യപ്പെടരുത്.
3. കേരളത്തിൽ ആകെ 12332 സ്കൂളുകളാണ് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. അദ്ധ്യയന വർഷം (Academic year) ആരംഭിക്കുന്നത് കലണ്ടർ വർഷം ജൂൺമാസത്തിലും അവസാനിക്കുന്നത് തൊട്ടടുത്ത കലണ്ടർ വർഷം മാർച്ച് മാസത്തിലുമാണ്. ഒരു സ്കൂളിൽ നിന്നും ഭക്ഷണത്തിന്റേയും (ചോറ് ഒഴികെ), വെള്ളത്തിന്റേയും ഓരോ സാമ്പിളുകൾ വീതമാണ് പരിശോധിക്കേണ്ടത്. ഈ അദ്ധ്യയന വർഷം സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേയും (12332) സാമ്പിളുകൾ പരിശോധിക്കേണ്ടതാണ്.

4. ഭക്ഷണ/ കുടി വെള്ളത്തിന്റെ സാമ്പിളുകളുടെ മൈക്രോബയോളജിക്കൽ പരിശോധനയാണ് മുഖ്യമായും നടത്തേണ്ടത്.

5. ഉച്ചഭക്ഷണപദ്ധതിയുടെ കീഴിൽ വരുന്ന സ്കൂളുകൾ 14 ജില്ലകളിലായി 163 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പരിധിയിലായാണ് വിന്യസിക്കപ്പെട്ടിരിയ്ക്കുന്നത്.

6. ഓരോ സ്കൂളിലേയും സാമ്പിൾ പരിശോധനാ റിപ്പോർട്ട് ബന്ധപ്പെട്ട സ്കൂളുകൾ (സ്കൂൾ കോഡ് സഹിതം), ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നൂൺമീൽ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർക്ക് സമർപ്പിയ്ക്കേണ്ടതാണ്. പരിശോധനയിൽ ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം ടി വിവരം അടിയന്തിരമായി സ്കൂൾ അധികൃതരെ അറിയിക്കേണ്ടതും പരിഹരിക്കുവാനുള്ള നിർദ്ദേശവും റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. (Soft copy & Hard Copy).

7. ഓരോ മാസവും നടത്തിയ പരിശോധനകളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ടും (കണ്ടെത്തലുകളടക്കം) സ്റ്റേറ്റുമെന്റും ബില്ലുകൾ സഹിതം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (ജനറൽ) ന് തൊട്ടടുത്തമാസം 5-ാം തീയതിക്ക് മുൻപായി സമർപ്പിയ്ക്കേണ്ടതാണ്. (Soft copy & Hard copy).

**ചുവടെ സൂചിപ്പിയ്ക്കുന്ന മാതൃകയിൽ ആയിരിക്കണം തുക ക്വാട്ട് ചെയ്യേണ്ടത്.**

| ക്രമ നം. | ഒരു ഭക്ഷണ സാമ്പിളിന്റെ മൈക്രോബയോളജിക്കൽ പരിശോധനയ്ക്കുള്ള ചെലവ് | കുടിവെള്ളത്തിന്റെ ഒരു സാമ്പിൾ പരിശോധിയ്ക്കുന്നതിനുള്ള ചെലവ് | ഒരു മാസം ശേഖരിയ്ക്കാൻ കഴിയുന്ന ഭക്ഷണ സാമ്പിളുകളുടെ എണ്ണം | ഒരു മാസം പരിശോധിയ്ക്കാൻ കഴിയുന്ന ഭക്ഷണ സാമ്പിളുകളുടെ എണ്ണം | ഒരു മാസം ശേഖരിയ്ക്കാൻ കഴിയുന്ന വെള്ളത്തിന്റെ സാമ്പിളുകളുടെ എണ്ണം | ഒരു മാസം പരിശോധിയ്ക്കാൻ കഴിയുന്ന വെള്ളത്തിന്റെ സാമ്പിളുകളുടെ എണ്ണം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |

നികുതി, യാത്രാ ചെലവ്, മറ്റ് ചെലവുകൾ ഉൾപ്പെടെയുള്ള കുറഞ്ഞ തുകയാണ് സമർപ്പിക്കേണ്ടത്.

ജെസ്സി ജോസഫ്
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പൂർണ്ണ അധിക ചുമതലയിൽ

S.S